(ബി) ജില്ലയിൽ വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 20-2-2004-ൽ താഴെപ്പറയുന്ന സേനാംഗങ്ങൾ അടങ്ങിയ ഒരു കമ്പനി പുതുതായി കാസർഗോഡ് ജില്ലാ പോലീസ് സായുധസേനയ്ക്കുവേണ്ടി 20-2-2004-ൽ ജി ഒ. (എം. എസ്.) നം. 64/04/ഹോം എന്ന സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി.

ആർ. എസ്. ഐ.	..	3
ആർ. എ. എസ്. ഐ.	..	4
എ. ആർ. എച്ച്. സി.	..	18
എ. ആർ. പി. സി.	..	99
ബ്യൂഗ്ലർ പി. സി.	..	1
ഡ്രൈവർ പി. സി.	..	3
ക്യാംപ്ഫ്ളോവർ	..	6
എൽ. ഡി. സി.	..	3
എൽ. ഡി. റ്റി.	..	1
അറ്റന്റർ	..	1

(ബി) സംസ്ഥാനത്ത് പോലീസ് സേനയിലെ വനിതാ പോലീസുകാരുടെ അംഗബലം അതാത് ജില്ലാ കോൺസ്റ്റാബുലറിയുടെ (പോലീസ് കോൺസ്റ്റാബുലറിയുടെ) രണ്ടു ശതമാനം ആയിരുന്നതിൽ നിന്നും 10 ശതമാനമായി വർദ്ധിപ്പിക്കുക എന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി അതിനാവശ്യമായ വനിതാ പോലീസുകാരുടെ തസ്തിക ഘട്ടം ഘട്ടമായി അനുവദിക്കുകയും അപ്രകാരം കാസർഗോഡ് ജില്ലയിലും വനിതാ പോലീസുകാരുടെ അംഗബലം അവിടത്തെ ജില്ലാ കോൺസ്റ്റബുലറിയുടെ (ലോക്കൽ, എ. ആർ., എന്നിവിടങ്ങളിലെ എച്ച്. സി., പി. സി. മാരുടെ) അംഗബലത്തിന്റെ രണ്ടു ശതമാനത്തിൽ നിന്ന് പത്ത് ശതമാനമായി ഉയർത്തിയിട്ടുണ്ട്.

പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലാഭകരമാക്കാൻ നടപടി

43 [126] *ശ്രീ. നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം ലാഭത്തിലാണോ നടക്കുന്നത് എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഷ്ടത്തിലാണെങ്കിൽ നഷ്ടമെത്ര;

(സി) ഇതിന്റെ പ്രവർത്തനം ലാഭകരമാക്കിത്തീർക്കാൻ എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (ഡി) കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം 'ലാഭനഷ്ടമില്ലാതെ പ്രവർത്തനം' എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിന്റെ ഭരണ ചെലവുകൾ വിവിധ പദ്ധതികളുടെ തുകയോടൊപ്പം ചേർക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് സർക്കാരിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ സ്ഥാപനം നടപ്പിലാക്കിവരുന്നത്. ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ വിവിധ നിർമ്മാണ പദ്ധതികളിൽനിന്ന് ഈടാക്കുന്നതിനാൽ ഈ വകയിൽ സർക്കാരിന് ബാദ്ധ്യതകൾ ഒന്നും ഉണ്ടാകുന്നില്ല.

കൈക്കൂലി—അഴിമതിക്കേസുകൾ

44 [127] *ശ്രീ. എൻ. ഡി. അപ്പച്ചൻ:*
„ എം. മുരളി:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. പി. ടി. തോമസ്:
„ ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നശേഷം എത്ര അഴിമതി കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ബി) അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി സംബന്ധിച്ച 3 കേസുകളും മറ്റ് അഴിമതി ആരോപണങ്ങൾ സംബന്ധിച്ച 21 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, കൈക്കൂലി സംബന്ധിച്ച 6 കേസുകളിലും മറ്റ് അഴിമതി ആരോപണങ്ങൾ സംബന്ധിച്ച 22 കേസുകളിലും കോടതിയിൽ ചാർജ്ജ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly